ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/06/2019*
*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം - Rs.60.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.140.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - - Rs.40.00
    കെ.എം.രാജൻ
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.40.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി
   തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ
   തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക–ദാർശനിക മാസിക**
**DAYANANDA SANDESAM**





ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 7 ലക്കം 11

വേദസൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : ശുചി– നഭസ്,
ചാന്ദ്രമാസം : ആഷാഢം – ശ്രാവണം, കൊല്ലവർഷം 1194 മിഥുനം – കർക്കടകം 2019 ജൂൺ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



**ഡോ. ശ്യാമപ്രസാദ് മുഖർജി (1901--1953)**

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

| | | |
|---|---|---|
| ജൂൺ 1 | : | ഡി.എ.വി.(ദയാനന്ദ് ആംഗ്ലോ വേദിക് കോളേജ്) സ്ഥാപനദിനം |
| ജൂൺ 8 | : | റാണി ലക്ഷ്മിബായ് രക്തസാക്ഷിദിനം |
| ജൂൺ 21 | : | ഡോ.ഹെഡ്ഗേവാർ നിർവ്വാണദിനം |
| ജൂൺ 23 | : | ഡോ.ശ്യാമപ്രകാശ് മുഖർജി രക്തസാക്ഷിദിനം |
| ജൂൺ 27 | : | ബങ്കിം ചന്ദ്രചാറ്റർജി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം

(മുൻലക്കത്തിന്റെ തുടർച്ച)

**മണ്ഡലം 1** **സൂക്തം 9**



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പിപീലികാ മദ്ധ്യാ**
**നിച്യത് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**സം ചോദയ ചിത്രമർവാഗ്രാധ ഇന്ദ്ര വരേണ്യം।**
**അസദിത്തേ വിഭു പ്രഭു ॥ (ഋഗ്വേദം 1.9.5)**

**പദാർത്ഥം :** അല്ലയോ (ഇന്ദ്രാ) കരുണാമയനും സർവ്വ സുഖങ്ങളും നൽകുന്നവനുമായ പരമേശ്വരാ! (തേ) അങ്ങയുടെ സൃഷ്ടിയിൽ ഏതെല്ലാം (വരേണ്യം) അതിശ്രേഷ്ഠമായ (വിഭു) ഉത്തമങ്ങളിൽ ഉത്തമമായ പദാർത്ഥങ്ങളാൽ പൂർണ്ണവും (പ്രഭു) വലിയ വലിയ പ്രഭാവങ്ങളുടെ ഹേതുവും (ചിത്രം) ഏതിൽ നിന്ന് ശ്രേഷ്ഠ വിദ്യാ, ചക്രവർത്തി രാജ്യത്തിൽ നിന്ന് സിദ്ധിക്കുന്നുവോ, മണി, സൂർണം, ആന തുടങ്ങിയ നല്ല നല്ല അത്ഭുത പദാർത്ഥങ്ങൾ ഉണ്ടാവുന്നുവോ അത്തരത്തിൽ (രാധഃ) ധനം (അസത്) ഉണ്ടാവട്ടെ. അങ്ങനെ കൃപ ചെയ്ത് ഞങ്ങൾക്കായി (സംചോദയ) പ്രേരണ നൽകി നേടിത്തന്നാലും.

**ഭാവാർത്ഥം :** ഈശ്വരാനുഗ്രഹത്താൽ മനുഷ്യർക്ക് തങ്ങളുടെ പുരുഷാർത്ഥത്താൽ ആത്മാവ്, ശരീരം എന്നിവയുടെ സുഖത്തിനായി വിദ്യയും ഐശ്വര്യവും നേടുകയും അവയുടെ രക്ഷണവും ഉന്നതിയും സത്യമാർഗവും ഉത്തമമായ ദാനാദി ധർമങ്ങളും നല്ല പ്രകാരം വേണ്ട വിധം ചെയ്യണം. അങ്ങനെ ദാരിദ്ര്യത്തിൽ നിന്നും ആലസ്യത്തിൽ നിന്നും ഉൽപ്പന്നമാവുന്ന ദുഃഖങ്ങളുടെ നാശം വന്ന് നല്ല നല്ല ഉപഭോഗം ചെയ്യാനുതകുന്ന പദാർത്ഥങ്ങളുടെ വൃദ്ധി നേടട്ടെ.

**(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമ : കെ.എം.രാജൻ)**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അന്നദാനം മഹാദാനം

**പ്രിയ വേദബന്ധു,**

**നമസ്തേ,**



**ആ**ര്യസമാജത്തിന്റെ നേതൃത്വത്തിൽ സാംഗോപാംഗം വേദപഠനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ധർമ്മസ്ഥാപനമാണ് കാറൽമണ്ണ വേദഗുരുകുലം. ഇവിടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം തുടങ്ങിയ വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ ഉപനിഷത്തുകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഇതിഹാസങ്ങൾ, മഹർഷി ദയാനന്ദ സരസ്വതിയുടെ ഗ്രന്ഥങ്ങൾ എന്നിവയ്ക്കു പുറമെ ബിരുദ-ബിരുദാനന്തരതലം വരെയുള്ള ആധുനിക വിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദിക ധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ധർമ്മ ബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിന ചെലവുകൾ നടന്നു പോരുന്നത്. നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂൺ, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷ യജ്ഞവും നടത്താവുന്നതാണ്. 'ശതഹസ്ത സമാഹര സഹസ്രഹസ്ത സംകിര' (അഥർവ്വവേദം 3.2.4.5) എന്ന് വേദം പറയുന്നു. നൂറു കൈകകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യു എന്നർത്ഥം.

സംഭാവനകൾ അയക്കേണ്ട വിലാസം:
**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം, കാറൽമണ്ണ തപാൽ,**
**പാലക്കാട്-679506**

**OUR BANK DETAILS**

**Account Name: VEDA GURUKULAM, SB A/C No: 4264000100086562**

**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



### സൈദ്ധാന്തിക വിഷയങ്ങളിലെ ഉറച്ച നിലപാട്

**പ**ണ്ഡിറ്റ് ലേഖ്റാമിന്റെ പിതാവ് പണ്ഡിറ്റ് താരാസിംഹൻ മരിച്ചപ്പോൾ അദ്ദേഹം വീട്ടിലേക്കെത്തി. പിതാവിന്റെ അസ്ഥികൾ ഗംഗയിൽ കൊണ്ടുപോയി നിമഞ്ജനം ചെയ്യാൻ അദ്ദേഹത്തോട് അമ്മ പറഞ്ഞു. ലേഖ്റാമിന് അമ്മയോട് 'വയ്യ' എന്നു പറയാനും പറ്റുമായിരുന്നില്ല. എന്നാൽ വൈദിക സിദ്ധാന്തത്തിനു വിരുദ്ധമായ കർമ്മങ്ങൾ ഒരിക്കലും അദ്ദേഹത്തിന് ചെയ്യാനാവുമായിരുന്നില്ല. ഗംഗാസ്നാനം മൂലം പാപം തീരുമെന്നും അസ്ഥിനിമഞ്ജനത്താൽ പരേതാത്മാവിന് മോക്ഷം ലഭിക്കുമെന്നുള്ള അന്ധവിശ്വാസത്തെ അദ്ദേഹം മാനിച്ചിരുന്നില്ല. മാത്രവുമല്ല, അസ്ഥികൾ ഗംഗയിലൊഴുക്കുന്നതിലൂടെ ഗംഗാ നദി മലിനമാവുകയും ചെയ്യും. പണ്ഡിറ്റ് ലേഖ്റാം അസ്ഥികളുമായി ഗ്രാമത്തിൽ നിന്നും പുറപ്പെടും.

ഉറച്ച സൈദ്ധാന്തികനും ആചരണകാര്യത്തിൽ വളരെ ഉയർന്ന നിലയിലുള്ള ധാർമ്മികനുമായിരുന്നു അദ്ദേഹം. തന്റെ ചെറിയച്ഛനായ ഗണ്ഡാറാമിനോട് താൻ അച്ഛന്റെ അസ്ഥികൾ ഗംഗാ നദിയിൽ ഒഴുക്കിയില്ലാ എന്നദ്ദേഹം സൂചന നൽകി.

### സ്വാമി ശ്രദ്ധാനന്ദൻ എഴുതുന്നു

23 മാർച്ച് 1895ന് കാലത്ത് മാലോർകോട്ല ആര്യസമാജത്തിന്റെ വാർഷികോത്സവത്തിൽ പണ്ഡിറ്റ് ലേഖ്റാം എന്നോടൊപ്പം പങ്കെടുക്കുകയുണ്ടായി. അവിടെ നടന്ന രസകരമായ ചില അനുഭവങ്ങൾ വിവരിക്കാം.

1. മുസ്ലീം ഭൂരിപക്ഷ സ്ഥലമായതിനാൽ പണ്ഡിറ്റ് ലേഖ്റാമിന്റെ ആഗമനവാർത്ത ജനങ്ങളെ ഇളക്കിമറിച്ചു ഉച്ചക്കുശേഷമുള്ള സമയമായിരുന്നു ധാർമ്മിക ചർച്ചകൾക്കായി നിശ്ചയിച്ചിരുന്നത്. മുൻശി അബ്ദുൾ ലത്തീഫ് എന്ന ഒരു മുസ്ലീം മാന്യൻ പുനർജന്മമെന്ന വിഷയത്തെ അധികരിച്ച് ഏതാനും ചോദ്യങ്ങൾ ചോദിച്ചു. പണ്ഡിറ്റ് കൃപാറാം അവക്കുള്ള ഉത്തരങ്ങൾ നൽകികൊണ്ടിരുന്നു. എന്നാൽ മുൻഷി സാഹത് ചോദ്യോത്തരങ്ങൾക്ക് ശേഷം തനിക്ക് ഇത് വ്യക്തമായില്ലാ എന്ന് പറഞ്ഞുകൊണ്ടിരുന്നു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 7 ലക്കം 11

വേദസൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : ശുചി– നഭസ്, ചാന്ദ്രമാസം : ആഷാഢം – ശ്രാവണം, കൊല്ലവർഷം 1194 മിഥുനം – കർക്കടകം 2019 ജൂൺ



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം : | |
| മുഖവാണി : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക : | 5 |
| മനുസ്മൃതി : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും : | 7 |
| ദ്രൗപദിയും പഞ്ചപതികളും : | 8 |
| ജീവിതം ഒരലയാഴി : | 9 |
| യോഗദർശനം : | 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു: | 11 |
| വ്യവഹാര ഭാനുഃ : | 12 |
| വേദങ്ങളെ അറിയുക : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

### ആരാണ് ഈശ്വരൻ?

(തുടർച്ച)



**മ**നുഷ്യരുടെ സൃഷ്ടിക്കുമുമ്പ് അവർക്ക് വസിക്കാനുള്ള ഭൂമി, കുടിക്കാനുള്ള വെള്ളം, ശ്വസിക്കാനുള്ള ഓക്സിജൻ, ഭക്ഷണാവശ്യത്തിനുള്ള പഴങ്ങളും വനസ്പതികളും, പാൽ നൽകുന്ന പശുക്കൾ എന്നിവയെ ഈശ്വരൻ സൃഷ്ടിച്ചു. സൃഷ്ടി നിയമമനുസരിച്ച് ആവശ്യകത വരുന്നതിനു മുമ്പു തന്നെ അതിനുവേണ്ടുന്ന വസ്തുക്കൾ തയ്യാറായിട്ടുണ്ടാവും. കണ്ണുണ്ടാക്കുന്നതിനു മുമ്പു തന്നെ കാണാൻ പ്രകാശം നൽകുന്ന സൂര്യനെ ഉണ്ടാക്കി. ഇപ്രകാരം സൃഷ്ടി നിയമമനുസരിച്ച് ഈശ്വരൻ ബുദ്ധി തന്നപ്പോൾ ബുദ്ധിക്കായി ജ്ഞാനപ്രകാശം ആദിസൃഷ്ടിയിൽ തന്നെ നൽകി.

നാം ഒരു വാഷിംഗ് മെഷീനൊ ഇസ്തിരിപ്പെട്ടിയൊ വാങ്ങുമ്പോൾ അവ

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

എങ്ങനെ ഉപയോഗിക്കണമെന്നുള്ള ഒരു നിർദ്ദേശ പത്രിക അഥവാ മാന്വൽ ലഭിക്കാറുണ്ടല്ലോ. അപ്പോൾ ഇത്രയും വിശാലമായ പ്രപഞ്ചം സൃഷ്ടിച്ച ഈശ്വരൻ അവയുടെ ഉപയോഗം, പ്രയോഗം, ഉപഭോഗം എന്നിവ എങ്ങനെയെത്തണമെന്നുള്ള ഒരു നിർദ്ദേശ പുസ്തകം തരാതിരിക്കുമോ?

ദൈനിക ജീവിതത്തിൽ ജ്ഞാനം ആദ്യവും കർമ്മം പിന്നീടുമാണ് വരുക. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് Look before you leap. അതിനാൽ കർമ്മം ചെയ്യുന്നതിനു മുമ്പ് അത് ചെയ്യാനുള്ള ജ്ഞാനം വേണം. Think before speak എന്ന ഒരു ചൊല്ലുമുണ്ടല്ലോ. ആദ്യം ചിന്തിക്കുക, അതിനുശേഷം സംസാരിക്കുക. മനുഷ്യർ സൃഷ്ടിക്കപ്പെടുന്നതിനു മുമ്പു തന്നെ അവർക്ക് മാർഗ്ഗ ദർശനം നൽകാനായി ഈശ്വരൻ വേദജ്ഞാനത്തെ നൽകുന്നു. ചിലർ പരിണാമസിദ്ധാന്തത്തിന്റെ ചുവട് പിടിച്ച് മനുഷ്യർ കാലക്രമേണ ബുദ്ധിവികാസം നേടി എന്നു പറയുന്നുണ്ട്. അത് ശരിയല്ല. ജ്ഞാനമില്ലാതെ ഒരിക്കലും ഉന്നതി നേടാനാവില്ല. മനോവിജ്ഞാനം വൈദിക സിദ്ധാന്തത്തെ അംഗീകരിക്കുന്നു. ജ്ഞാനം (Cognition), അനുഭൂതി (Affection), ക്രിയ (Conation) എന്നീ മൂന്നു കാര്യങ്ങളെ മനോവിജ്ഞാനം മാനിക്കുന്നു. ഇതനുസരിച്ച് ക്രിയക്കു മുമ്പ് അനുഭൂതിയും അനുഭൂതിക്ക് മുമ്പ് ജ്ഞാനവും ആവശ്യമാണ്. അപ്പോൾ ജ്ഞാനമില്ലാതെ മനുഷ്യർക്ക് എങ്ങനെ ഉന്നതിയുണ്ടാവാനാണ്.

**(തുടരും)**
**പത്രാധിപർ**

# ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

## OUR BANK DETAILS

**Account Name: DAYANANDA SANDESAM, SB A/C No: 4264000100072426**
**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ. എം. രാജൻ**

**അദ്ധ്യായം 2 — വേദവും ശൂദ്രനും**

ഒന്ന് പിതൃകുലവും മറ്റേത് പതിയുടെ കുലവും. ആ രണ്ടു കുലങ്ങളേയും ബന്ധിപ്പിക്കുന്ന കണ്ണിയാണവൾ. പിതൃകുലത്തിൽ നാരി, കന്യക, പുത്രി, ഭഗിനി, നാത്തൂൻ, അച്ഛൻപെങ്ങൾ എന്നിവയൊക്കെയാണെങ്കിൽ പതികുലത്തിൽ അവൾ വധു, വീട്ടമ്മ, പത്നി, ഭാര്യ, ജായാ, ദാരാ, ജനനി, അംബ, മാതാവ്, ശ്വശ്രു എന്നിവയൊക്കെയാണ്. വേദങ്ങളിൽ നാരിയുടെ ഈ ചുമതലകൾക്കനുരൂപമായ കർത്തവ്യങ്ങളെക്കുറിച്ച് വിസ്തരിച്ച് വർണ്ണിക്കുന്നുണ്ട്. നാരിയുടെ കർത്തവ്യങ്ങൾ പാലിക്കുന്നതിൽ അവൾക്ക് പ്രേരണ നൽകി അവരെ മഹതികളാക്കുന്നതിനു പ്രേരിപ്പിക്കുന്ന മന്ത്രങ്ങൾ വേദങ്ങളിലുണ്ട്.

**ചോദ്യം : സ്ത്രീകളുടെ ഉന്നമനം എന്ന വിഷയത്തെക്കുറിച്ച് ഹർഷി ദയാനന്ദന്റെ കാഴ്ചപ്പാട് എന്തായിരുന്നു?**

**ഉത്തരം** : മഹർഷി ദയാനന്ദൻ സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകണമെന്ന പക്ഷക്കാരൻ മാത്രമായിരുന്നില്ല, അതിനു പുറമെ വെറും വീട്ടമ്മയിൽനിന്ന് പ്രാചീന കാലത്തെ മഹാപണ്ഡിതകളായിരുന്ന ഗാർഗ്ഗിയേയും മൈത്രേയിയേയും പോലുള്ള മഹതികളായിത്തീരണമെന്നുള്ള പക്ഷക്കാരനായിരുന്നു. സ്വാമിജിയുടെ അഭിപ്രായമനുസരിച്ച് സ്ത്രീ താഡനം ചെയ്യപ്പെടേണ്ടവളല്ല. ബഹുമാനിക്കപ്പെടേണ്ടവളാണ്.

സത്യാർത്ഥ പ്രകാശത്തിൽ മഹർഷി ദയാനന്ദൻ തന്റെ വിപ്ലവകരമായ ഉദ്ഘോഷം നടത്തുന്നത് നോക്കുക. 'കുട്ടികളെ അഞ്ചു വയസ്സു വരെ മാതാവും ആറുമുതൽ എട്ടു വയസ്സു വരെ പിതാവും പഠിപ്പിക്കണം. ഒമ്പതാം വയസ്സിന്റെ പ്രാരംഭത്തിൽ ദ്വിജൻ തന്റെ സന്താനങ്ങളുടെ ഉപനയനം നടത്തി എവിടേയാണോ വിദ്യാദാനം നൽകാൻ കഴിവുള്ള പൂർണ്ണ പണ്ഡിതൻ അഥവാ പണ്ഡിതയായ സ്ത്രിയുള്ളത് അവരുടെ അടുത്തേക്ക് ആൺകുട്ടികളെയും പെൺകുട്ടികളെയും അയക്കണം.'

'ആൺകുട്ടികളെ ബാലൻമാരുടെ ഗുരുകുലത്തിലും പെൺകിടാങ്ങളെ പെൺകുട്ടികളുടെ ഗുരുകുലത്തിലും പറഞ്ഞയക്കണം.'

**(തുടരും)**

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ആ**ത്മാവിലെന്താണോ ഉള്ളത് അത് വാക്കിലും വാക്കിലേതുപോലെ പ്രവൃത്തിയിലും ആചരിക്കുന്നവനെയാണ് സത് പുരുഷൻ എന്നുപറയുന്നത്. എന്നാൽ ആത്മാവിലൊന്ന്, വാക്കിൽ മറ്റൊന്ന്, പ്രവൃത്തിയിൽ വേറൊന്ന് എന്നിങ്ങനെ വർത്തിക്കുന്നവൻ 'അസത് പുരുഷൻ' ആണ്. എല്ലാവിധ പുരുഷാർത്ഥങ്ങളും ചെയ്ത് ധർമ്മിഷ്ഠനാവുക എന്നതാണ് മനുഷ്യർക്ക് ഉചിതമായിട്ടുള്ളത്.

**ചോദ്യം : പുരുഷാർത്ഥം എന്നു പറയുന്നത് എന്തിനെയാണ്? അതിന് എത്ര ഭേദങ്ങളുണ്ട്?**

**ഉത്തരം** : പ്രയത്നം ചെയ്യുന്നതാണ് പുരുഷാർത്ഥം അതിന് നാലു ഭേദങ്ങളുണ്ട്.

1. അപ്രാപ്തമായതിനെ ഇച്ഛിക്കുക.
2. നേടിയെടുത്തതിനെ യഥാവിധി സംരക്ഷിക്കുക.
3. രക്ഷിക്കുന്നതിനെ വർധിപ്പിക്കുക.
4. വർധിപ്പിച്ചതിനെ ധർമ്മമാർഗ്ഗത്തിൽ ചെലവഴിക്കുക. ന്യായം, ധർമ്മം എന്നിവ പരിപാലിച്ച് ലഭിക്കാത്തതിനെ അഭിലാഷത്തോടെ നേടിയെടുക്കാൻ പ്രയത്നിക്കുക, നേടിയെടുത്തതിനെ നഷ്ടപ്പെടുത്താതിരിക്കുക, അവയെ ധർമ്മയുക്തമായ പ്രവൃത്തികളാൽ വർധിപ്പിക്കുക, വർധിപ്പിച്ചവയെ ഉത്തമ കാര്യങ്ങൾക്കായി വിനിയോഗിക്കുക എന്നിങ്ങനെ നാലു ഭേദങ്ങളാണ് പുരുഷാർത്ഥത്തിനുള്ളത്.

**ചോദ്യം : ഏതെല്ലാം പ്രകാരത്തിൽ ഏതിലെല്ലാം ശരീരം, മനസ്, ധനം എന്നിവ പ്രയോജനപ്പെടുത്തണം?**

**ഉത്തരം** : വിദ്യാവൃദ്ധി, പരോപകാരം, അനാഥരുടെ പാലനം, ബന്ധുക്കളുടെ രക്ഷ എന്നീ നാലു കാര്യങ്ങൾക്കായി ഉപയോഗിക്കണം. ശരീരത്തിന്റെ ആരോഗ്യം കൊണ്ട് യഥായോഗ്യം ക്രിയകൾ ചെയ്ത് മനസ്സു കൊണ്ട് ചിന്തനം നടത്തി ധനത്താൽ സ്വന്തം മക്കൾക്കും മറ്റു മനുഷ്യർക്കും വിദ്യാദാനം നൽകണം. പരോപകാരത്തിനായി ശരീരം, മനസ്സ് എന്നിവയാൽ പ്രയത്നിക്കുകയും കാശു മുടക്കി വ്യവസായ ശാലകൾ നിർമ്മിച്ച് അനേകം മനുഷ്യർക്ക് തൊഴിൽ നൽകി എല്ലാവരുടേയും ജീവിതം സുഖകരമാക്കണം.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദാനാംനിത്യത്വ വിചാരഃ

**തേ**ഷാമുൽപ്പന്നാനാം കാര്യദ്രവ്യാണാം സതിവിയോഗേ വിനാശശ്ച സംഘാതാഭാവാത് അദർശനം ച വിനാശഃ|(ദ്ര.ണശ അദർശനെ|ധാതുപാഠം 4.83)| ഈശ്വരസ്യൈകരസത്വാന്നൈവ തസ്യ സംയോഗവിയോഗാഭ്യം സംസ്പർശോƒപി ഭവതി| അത്ര കണാദമുനികൃതം സൂത്രം പ്രമാണമസ്തി–

'ഗദകാരണവന്നിത്യമ്'‖1 ‖ (വൈശേഷികം അ.4. സൂ.1)

(അത്ര അ.4, ആ.1 സൂത്ര 1 ഇത്യേവം പാഠോ, ജ്ഞേയഃ പ്രഥമസംസ്കരണസ്ഥേ സംശോധനപത്രേ 'അ.4, പാ.4, സൂ.1' ഇത്യേവം സംശോധിതഃ പാഠോƒപ്യശുദ്ധ ഏവ)|

**അസ്യായമർത്ഥഃ** – യത്കാര്യം കാരണാദുൽപദ്യ വിദ്യമാനം ഭവതി, തദനിത്യമുച്യതെ, തസ്യപ്രാഗുൽപത്തേരഭാവാത്| യത്തുകസ്യാപി കാര്യം നൈവ ഭവതി, കിന്തൂ സദൈവ കാരണരൂപമേവ തിഷ്ഠതി, തന്നിത്യം കഥ്യതെ|

യദ്യൽസംയോഗജന്യം തത്തൽകർത്രപേക്ഷം ഭവതി| കർത്താപി സംയോഗജന്യശ്ചേത് തർഹി തസ്യാപ്യന്യോƒന്യഃ ('തസ്യാപ്യന്യഃ' ഇത്യേവ ശുദ്ധഃ പാഠോƒത്ര ജ്ഞേയഃ|യദ്വാ 'തസ്യാപ്യന്യ സ്തസ്യാപ്യന്യഃ' ഇത്യേവം പാഠേന ഭാവ്യമ് മുദ്രിതപാഠസ്ത്വയുക്ത ഇവ പ്രതിഭാതി ) കർത്താസ്തീത്യാഗച്ഛേത്| ഏവം പുനഃ പുനഃ പ്രസംഗാദനവസ്ഥാപത്തിഃ യച്ച സംയോഗേന പ്രാദുർഭൂതം, നൈവ തസ്യ പ്രകൃതിപരമാണ്വാദീനാം സംയോഗകരണെ സാമർത്ഥ്യം ഭവിതുമർഹതി, തസ്മാത് തേഷാം സൂക്ഷ്മത്വാത്| യദ് യസ്മാത് സൂക്ഷ്മം തത്തസ്യാത്മാ ('അതതി വ്യാപ്നോതീത്യാത്മാ' വ്യാപക ഇത്യർത്ഥഃ ) ഭവതി, സ്ഥൂലേ സൂക്ഷ്മസ്യ പ്രവേശാർഹത്വാത്, അയോƒഗ്നിവത്|യഥാ സൂക്ഷ്മത്വാദഗ്നിഃ കഠിനം സ്ഥൂലമയഃ പ്രവിശ്യ തസ്യാവയവാനാം പൃഥഗ്ഭാവം കരോതി, യഥാ (വൈ.യ.മുദ്രിതേ 'തഥാ' ഇത്യപാഠഃ, ഉത്തരവാക്യേ 'തഥാ' പദപ്രയോഗാത് ജലമപി പൃഥിവ്യാഃ സൂക്ഷ്മത്വാത് തത്കണാന് പ്രവിശ്യ സംയുക്തമേകം പിണ്ഡം കരോതി, ഛിനത്തി ച, തഥാ പരമേശ്വരഃ സംയോഗാഭ്യാം പൃഥക് ഭൂതോവിഭരസ്യതോ നിയമേന രചനം വിനാശം ച കർതുമർഹതി, ന ചാന്യഥാ|

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

**വാ**യനക്കാർക്ക് ഇത് സ്വയം പരിശോധിച്ച് നോക്കാവുന്നതാണ്. ഇപ്പോൾ ലഭ്യമായ മനുസ്മൃതിയിൽ 2657 ശ്ലോകങ്ങളാണുള്ളത്. എന്റെ ഗവേഷണാത്മക പഠന ശേഷം 1471 ശ്ലോകങ്ങൾ പ്രക്ഷിപ്തങ്ങളാണ് എന്നു കണ്ടെത്തി. 1214 ശ്ലോകങ്ങൾ മൗലികമാണ്.

2. വ്യത്യസ്ത ശാസ്ത്ര പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ അനുശീലൻ സമീക്ഷ.

പ്രക്ഷിപ്ത ശ്ലോകങ്ങളുടെ വിവേചനം ചെയ്യുന്നതിനു പുറമെ ഏതാണ്ട് 600 ശ്ലോകങ്ങളിൽ അനുശീലൻ സമീക്ഷണം ചെയ്ത് ആ ശ്ലോകങ്ങളിലെ ഭാവം, ഉള്ളടക്കം, വിവാദങ്ങൾ, മാന്യതകൾ തുടങ്ങി മറ്റു ചിന്തിക്കേണ്ട വസ്തുതകളെക്കുറിച്ച് മനനം ചെയ്തു കൂടുതൽ സ്പഷ്ടമാക്കാനും വിശദമാക്കാനും ശ്രമിച്ചിട്ടുണ്ട്. അനേകം സ്ഥലങ്ങളിൽ വിഷയങ്ങളുടെ വിവരണങ്ങൾ ക്രമപ്രകാരം നൽകിയും സ്പഷ്ടമാക്കിയിട്ടുണ്ട്. വേദങ്ങൾ, ബ്രാഹ്മണഗ്രന്ഥങ്ങൾ, സംഹിതകൾ, ഉപനിഷത്തുകൾ, ദർശനങ്ങൾ, വ്യാകരണവും സൂത്രഗ്രന്ഥങ്ങളും, നിരുക്തം, സുശ്രുതം, കൗടില്ല്യ അർത്ഥശാസ്ത്രം തുടങ്ങിയവയുടെ അനേകം പ്രമാണങ്ങൾ നൽകി അവയിൽ മനുവിന്റെ അഭിപ്രായങ്ങളും ഭാവങ്ങളും സമന്വയിപ്പിച്ച് അവയെ കൂടുതൽ പ്രാമാണികവും വിശദവുമാക്കിയിട്ടുണ്ട്. അനേകം പദങ്ങളുടെ വ്യാകരണം ചൂണ്ടിക്കാട്ടി അവയുടെ അർത്ഥം വ്യക്തമാക്കിയിട്ടുണ്ട്. കൗടില്ല്യന്റെ അർത്ഥശാസ്ത്രത്തെ തുലനാത്മകമായി ഉദ്ധരിച്ച് വിശദമാക്കിയതിന്റെ ഉദ്ദേശ്യം മനുവിന്റെ നിയമസംഹിത അനേകം കാലം എങ്ങും അംഗീകരിക്കപ്പെടുകയും പ്രചരിക്കപ്പെടുകയും ചെയ്തിരുന്നുവെന്നു കാണിക്കാനാണ്.

3. മനുവിന്റെ വചനങ്ങളിൽ അദ്ദേഹത്തിന്റെ ഭാവനയെ കുറിച്ചുള്ള വ്യാഖ്യാനം.

മനുവിന്റെ വചനങ്ങൾക്ക് നൽകിയ ഭാവനയും വ്യാഖ്യാനവും അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നുതന്നെ ഉൾക്കൊണ്ട് സ്പഷ്ടമാക്കിയിട്ടുണ്ട്. വിവിധ ശ്ലോകങ്ങളിൽ മനു തന്നെ തന്റെ കാഴ്ചപ്പാട് വ്യക്തമാക്കിയിട്ടുണ്ട്. അത്തരം ശ്ലോകങ്ങളും അവയുടെ സംഖ്യയുമായി ബന്ധപ്പെട്ട ശ്ലോകങ്ങളിലും ഈ അനുശീലൻ സമീക്ഷയിൽ തുലനാത്മകമായി വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതിനു പുറമെ ശ്ലോക സംഖ്യകൾക്കിടയിലുള്ള വലിയ ബ്രാക്കറ്റിൽ ഇത്തരത്തിൽ വർണ്ണിക്കുന്ന ശ്ലോകങ്ങളുടെ സംഖ്യയും നൽകിയിട്ടുണ്ട്. ഇത് ആ വിഷയത്തെ കൂടുതൽ വ്യക്തമാക്കും.

(തുടരും)

*സാ പ്രഥമാ സംസ്കൃതിർ വിശ്വവാരാ (യജുർവേദം 7.14)*
*നാം ഈ വിശ്വത്തിന്റെ പ്രഥമ സംസ്കൃതി വാഹകരാണ്*





(മുൻ ലക്കത്തിന്റെ തുടർച്ച)



# തൻമേ മനഃ ശിവസങ്കല്പമസ്തു

ഡോ.സത്യദേവ് ആര്യ
തർജ്ജമ: കെ.കെ.ജയൻ

**ആ**ത്മാവിനാൽ ദത്തമായ അധികാര പരിധിയിൽ നിന്നുകൊണ്ട് ലഭ്യമായ സാധന സാമഗ്രികൾക്കനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ സാമ്രാജ്യം സുരക്ഷിതമാകുന്നു ഇവിടെ കാമം, ക്രോധം, ലോഭം, മോഹം, ഈർഷ്യ, ദ്വേഷം, അസൂയ, മദം, മാത്സര്യം മുതലായ ശത്രുക്കൾ നിഷ്പ്രഭരാവുന്നു. മനുഷ്യൻ സ്വയം മനുഷ്യത്വപരവും പരോപകാരപ്രദമായ കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരാവുമ്പോൾ ദുഷ്ചിന്തകളുടെ ആക്രമണങ്ങളിൽ നിന്ന് അയോദ്ധ്യാപുരി സംരക്ഷിക്കപ്പെടുന്നു. മനസ്സ് ബാഹ്യജഗത്തിലെ സകല വിഷയങ്ങളുടേയും ബോധം ആത്മാവിൽ എത്തിക്കുകയും ആത്മാവിന്റെ നിർദ്ദേശാനുസരണം ഗതിവിഗതികളെ നിയന്ത്രിക്കുകയും ചെയ്യുന്നു. അതോടൊപ്പം ആത്മാവിന്റെ സാന്നിദ്ധ്യം ഒരു ധ്വനി രൂപേണ ചിലപ്പോൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇതിനെ സദ്വിവേകം (Conscience) എന്നു പറയുന്നു. ഉദാഹരണത്തിന് കള്ളം പറയുക, മോഷ്ടിക്കുക, ചീത്ത പറയുക തുടങ്ങിയ അവസരങ്ങളിൽ ഈ അന്തർധ്വനി 'തെറ്റാണ് ചെയ്യുന്നത്' എന്ന് നമ്മേ ഓർമ്മിപ്പിക്കുകയും ആ പ്രവൃത്തിയിൽ നിന്നും പിൻതിരിപ്പിക്കുകയും ചെയ്യുന്നു. തമോഗുണികൾ ഈ ധ്വനികൾ കേൾക്കാൻ തയ്യാറാകാതെ ദുഷ്പ്രവൃത്തികൾ ചെയ്യുന്നു. അവിടെ മനസ്സു തന്നെ സാമ്രാട്ടായി പ്രവർത്തിക്കുന്നു.

മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം തുടങ്ങിയ അന്തഃകരണീയ അംഗങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ച് പ്രശ്നോപനിഷത് ഇപ്രകാരം പറയുന്നു.

**"മനശ്ചമന്തവ്യം ച ബുദ്ധിശ്ച ബോധവ്യം**
**അഹങ്കാരശ്ച അഹം കർത്തവ്യം ച**
**ചിത്തം ച ചേതയിതവ്യം ച ..... " (4.8)**

**അർത്ഥം:–** മനസ്സിന്റെ ജോലി മനനവും ബുദ്ധിയുടേത് ബോധിക്കുക, ബോധിപ്പിക്കുക, സത്യാസത്യ നിർണ്ണയം ഇത്യാദിയും അഹങ്കാരത്തിന്റേത് അസ്ഥിത്വ ചിന്തയും ചിത്തത്തിന്റേത് ചിന്തായോഗ്യമായ വസ്തു നിർണ്ണയവും ആണ്. ഇങ്ങനെ അന്തക്കരണീയമായ എല്ലാ അംഗങ്ങളും അതാതിനു പറഞ്ഞിരിക്കുന്ന കർത്തവ്യങ്ങളെ അനുഷ്ഠിക്കുന്നു.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**ഈ** യോഗമെന്ന ശബ്ദം യുജ് (സമാധൗ) ധാതുവിൽ 'ഘഞ്' പ്രത്യയം ചേരുമ്പോൾ ഉണ്ടാവുന്നു. 'അനുശാസന' മെന്ന ശബ്ദം 'അനു' ഉപസർഗ ത്തോടുകൂടി 'ശാസു അനുശിഷ്ടൗ' ധാതുവിൻ 'ല്യുട്' പ്രത്യയം ചേർക്കുമ്പോൾ സിദ്ധിക്കുന്നു. "യോഗോ അനുശിഷ്യതേ നേനേതിയോഗാനുശാസനമ്" അതായത് യോഗത്തിന്റെ ഉപദേശം ഏതു ശാസ്ത്ര പ്രകാരം ആണ് ചെയ്യുന്നത് അത് 'യോഗാനുശാസനമ്' എന്ന ശാസ്ത്രമാണെന്ന് പറയുന്നു. ഇതിന്റെ രണ്ടാ മത്തെ അർത്ഥം വീണ്ടും ഉപദേശിക്കുക എന്നാണ്. ഈ ഉപദേശം (യോഗം) സൃഷ്ടിയുടെ ആരംഭത്തിൽ പരമേശ്വരൻ വേദങ്ങൾ വഴി ഋഷിമാർക്ക് നൽകി. അവർ ആ ഉപദേശത്തെ അനുഷ്ഠിച്ചു സാക്ഷാത്ക്കരിച്ചും മറ്റുള്ളവർക്ക് ഉപദേ ശിച്ചു. ഈ പരമ്പരയിലൂടെ ലഭിച്ച യോഗ ശാസ്ത്രത്തെ പതഞ്ജലി മഹർഷി ഗ്ര ന്ഥ രൂപത്തിൽ രചിച്ചു. ഈ പരമ്പര അനുശാസൻ ശബ്ദത്തോടെ പറഞ്ഞിരിക്കു ന്നു.

യോഗത്തിന് 'സമാധി' എന്നു പറയും. ചിത്തത്തിന്റെ ഭൂമിയങ്ങളിൽ അഥവാ ചിത്തത്തിന്റെ എല്ലാ അവസ്ഥകളിലും വർത്തിക്കുന്ന ചിത്തത്തിന്റെ ധർമ്മമാണ് സമാധി. സത്വം, രജസ്, തമസ് എന്നീ ജഡപദാർത്ഥങ്ങൾ കൂടി ചേർന്നുണ്ടാവുന്ന പദാർത്ഥമാണ് ചിത്തം. ജീവാത്മാവിന്റെ കൈകാലുകളെപ്പോ ലെയുള്ള ബാഹ്യ അംഗങ്ങളെ പോലുള്ള ഒരു ആന്തരിക അംഗമാണ് ഇത്. എങ്ങ നെയാണോ കൈകാലുകൾ ജീവാത്മാവിന്റെ അധീനത്തിൽ ഇരിക്കുന്നത് അതു പോലെ ചിത്തവും ജീവാത്മാവിന്റെ അധീനത്തിലാണ്.

ചിത്തത്തിന് അഞ്ച് അവസ്ഥകൾ ഉണ്ട്. ക്ഷിപ്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്നിവയാണവ. ഏതൊരവസ്ഥയിലാണോ ജീവാത്മാവിന്റെ ചിത്തം വിവിധ വിഷയങ്ങളിലേക്ക് തീവ്രതയോടെ പോകുന്നത്, ആ അവസ്ഥക്ക് 'ക്ഷിപ്തം' എന്നു പറയുന്നു. ഹാസ്യകാരകമാവുന്ന കാര്യങ്ങൾ പോലും ആ അവസ്ഥയിൽ ചെയ്തുപോകുന്നു. രജോഗുണമാണ് ഈ അവസ്ഥയിൽ പ്രധാന മായും കാണുന്നത്. സത്വഗുണവും തമോഗുണവും കുറവായിരിക്കും. 'ഗുണം' എന്ന ശബ്ദത്തിന് സാംഖ്യദർശനത്തിലും യോഗശാസ്ത്രത്തിലും സത്വം, രജസ്, തമസ് എന്നീ പേരുകളുള്ള ദ്രവ്യങ്ങളായാണ് അറിയപ്പെടുന്നത്. ഈ മൂന്നിനും ചേർന്ന നാമമാണ് പ്രകൃതിപ്രധാനാദികൾ എന്നത്.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** | **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

**ഭാ**ഗവതപുരാണം എന്നതു കൊണ്ടുദ്ദേശിക്കുന്നത് വിഷ്ണുഭാഗവ തമോ ദേവീഭാഗവതമോ എന്നും അഭിപ്രായ വ്യത്യാസമുണ്ട്. ദേവീഭാഗവത ത്തിനാണ് കുടുതൽ പഴക്കം തോന്നുന്നത്. പക്ഷെ പ്രചാരം അധികം ലഭിച്ചി രിക്കുന്നത് വിഷ്ണുഭാഗവതത്തിനാണ്.

ഉപപുരാണങ്ങളും പതിനെട്ടാണെന്ന് പറയപ്പെടുന്നു. എന്നാൽ ഏതാണ്ട് മുപ്പതിലധികം ഉപപുരാണങ്ങൾ ഉള്ളതായി കാണുന്നുണ്ട്. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'സംസ്കൃത സാഹിത്യ ചരിത്രം', വെട്ടം മാണിയുടെ 'പുരാണിക് എൻസൈക്ലോപീഡിയ' എന്നിവയനുസരിച്ച് ഉപപുരാ ണങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. സനൽകുമാരം | 2. നാരസിംഹം |
| 3. നാരദീയം | 4. ശിവപുരാണം |
| 5. ദുർവ്വാസസ്സ് | 6. കാപിലം |
| 7. വാമനം | 8. ഉശനസ്സ് |
| 9. വാരുണം | 10. കാളികം |
| 11. സാംബം | 12. സൗരം |
| 13. ആദിത്യം | 14. മാഹേശ്വരം |
| 15. ദേവീ ഭാഗവതം | 16. വാസിഷ്ഠം |
| 17. വിഷ്ണുധർമ്മോത്തരം | 18. നീലമതപുരാണം. |

വിവിധ ഗ്രന്ഥങ്ങളിൽ ഇവയുടെ ക്രമങ്ങളും പേരുകളും വ്യത്യസ്തമാ യാണ് കാണുന്നത്. അതിനാൽ ഇവയിലെ ആധികാരികമായവ (അങ്ങനെയൊ ന്നുണ്ടെങ്കിൽ?) ഏതെന്ന് കണ്ടെത്തുക വിഷമകരമാണ്.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**വ്യാ**സൻ ദ്രുപദന് ദിവ്യദൃഷ്ടി നൽകി ഈ അഞ്ച് ഇന്ദ്രന്മാരേയും സ്വർഗ്ഗത്തിലെ ലക്ഷ്മിയേയും കാണിച്ചു കൊടുക്കണം എന്നതാണത്.

ദ്രൗപദിയുടെ അഞ്ചു പതികളെ ന്യായീകരിക്കുന്നതിനായി വ്യാസനെ കൊണ്ട് വീണ്ടും പറയിപ്പിക്കുന്നുണ്ട്. അതിന്റെ സാരാംശം ഇതാണ്.

"അല്ലയോ നരേന്ദ്രാ! ഞാൻ സന്തോഷത്തോടു കൂടി ഒരു അത്ഭുതകരമായ വരം തരാം. അതായത് ഒരു ദിവ്യദൃഷ്ടി. ഇതിൽ കൂടി നിനക്ക് കുന്തീ പുത്രന്മാരുടെ പൂർവ്വകാല പുണ്യമയമായ ദിവ്യശരീരം കാണാൻ കഴിയും"

തുടർന്ന് ബ്രഹ്മർഷി വ്യാസൻ തന്റെ തപസ്സിന്റെ ശക്തിയാൽ ദ്രുപദരാജാവിന് ദിവ്യദൃഷ്ടി നൽകുന്നു. അതിലൂടെ ദ്രുപദൻ പാണ്ഡവരുടെ കഴിഞ്ഞ ജന്മത്തിലെ ശരീരങ്ങളോടു കൂടി അവരെ കാണുന്നു. പാണ്ഡവരുടെ ദിവ്യശരീരത്തിൽ സൂര്യചന്ദ്രന്മാരെ പോലെ പ്രകാശിപ്പിക്കുന്ന സ്വർണ്ണാഭരണങ്ങളും സുഗന്ധം വിതറുന്ന മാലകളും കാണുന്നു.

ഇത്രയും കൂട്ടിച്ചേർത്തിട്ടും തൃപ്തി വരാത്ത പ്രക്ഷിപ്തക്കാർ മറ്റൊരു കള്ളക്കഥയും എഴുതി പിടിപ്പിച്ചിട്ടുണ്ട്. അതിന്റെ സാരാംശം നോക്കാം.

വ്യാസൻ പറഞ്ഞു "അല്ലയോ രാജൻ! താങ്കളുടെ പുത്രിയുടെ മറ്റൊരു പൂർവ്വ ജന്മവൃത്താന്തം കൂടി പറയാം"

"ഒരു തപോവനത്തിൽ ഏതോ മഹാത്മാവായ ഒരു മുനിയുടെ കന്യകയുണ്ടായിരുന്നു. സതിയും സാധ്വിയും രൂപവതിയുമായിട്ടുകൂടി ആ കന്യകക്ക് യോഗ്യനായ വരനെ ലഭിച്ചില്ല. അതിനാൽ അയാൾ കഠിനമായ തപസ്സ് ചെയ്ത് ശിവനെ പ്രത്യക്ഷപ്പെടുത്തി. മഹാദേവൻ പ്രസന്നനായി മുനികന്യകയോട് ഇഷ്ടമുള്ള വരം ചോദിച്ചോളാൻ പറഞ്ഞു. അപ്പോൾ മുനികന്യക തനിക്ക് സർവ്വഗുണ സമ്പന്നനായ പതിയേ നൽകണമെന്ന് വീണ്ടും വീണ്ടും പറഞ്ഞു. അതായത് അഞ്ചു പ്രാവശ്യം പറഞ്ഞു. പരമേശ്വരൻ സന്തുഷ്ടനായി അവർക്ക് അഞ്ചു പതിമാർ ഉണ്ടാവട്ടെ എന്നനുഗ്രഹിച്ചു. അപ്പോൾ താൻ ഒരു ഭർത്താവിനെ മാത്രമാണ് ആവശ്യപ്പെട്ടത് അഞ്ചുപേരെയല്ലല്ലോ എന്നു പറഞ്ഞു. എന്നാൽ ദേവാധിദേവനായ മഹാദേവൻ വളരെ സന്തുഷ്ടനായി അവളോട് പറഞ്ഞു. അല്ലയോ ഭദ്രേ! നീ ഭർത്താവിനെ നൽകിയാലും എന്ന് അഞ്ചു പ്രാവശ്യം ആവർത്തിച്ചു പറഞ്ഞു. അതിനാൽ അങ്ങനെയാവട്ടെ എന്ന് ഞാൻ വരം നൽകി. അതിനാൽ അങ്ങനെ തന്നെ ഭവിക്കും. അത് നിന്റെ അടുത്ത ജന്മത്തിലാണുണ്ടാവുക."

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



"**ഇ**വിടെ കുട്ടികളുടെ അതായത് 8 വയസ്സു മുതൽ 12 വയസ്സു വരെയുള്ള കുട്ടികളുടെ ഗുരുകുലമേയുള്ളൂ. ലാഹോറിൽ 'ഗുരുദത്ത ഭവൻ' എന്നൊരു ഗുരുകുലമുണ്ട്. അവിടത്തെ പ്രിൻസിപ്പൽ സ്വാമിവേദാനന്ദജി മഹാരാജാവാണ്. അദ്ദേഹത്തിന് ഞങ്ങളൊരു കത്തുതരാം. അതവിടെ കൊടുത്താൽ അഡ്മിഷൻ കിട്ടും. എന്താ, പോരേ?" ചോപ്രാജി സമാധാനിപ്പിച്ചു.

ചോപ്രാജി കത്തെഴുതാനാരംഭിച്ചപ്പോഴേക്കും ഉള്ളിൽ നിന്നൊരാൾ പാലും ലഡ്ഡുവും കൊണ്ടുവന്നു വെച്ചു. അതു കഴിച്ച് കൈ കഴുകിയപ്പോഴേക്കും ആര്യസമാജത്തിന്റെ ലെറ്റർ പാഡിൽ എഴുതി ഒപ്പും സീലും വെച്ച കത്ത് തയ്യാറായിരുന്നു. ചോപ്രാജി പൂർവ്വാദി മുഖമായി നിന്ന് 'ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ, യദ് ഭദ്രം തം ന ആസുവ' എന്ന വേദമന്ത്രം ചൊല്ലി പ്രാർത്ഥിച്ചു കൊണ്ട് കത്ത് രാമകൃഷ്ണന്റെ കൈയിൽ കൊടുത്ത് 'സർവ്വമംഗളീ ഭവ' എന്നാശംസിച്ച് രണ്ടുപേരേയും മുറ്റം വരെ അനുഗമിച്ച് യാത്രയാക്കി.

ഇരുവരും ചോപ്രാജിയോട് 'നമസ്തേ' പറഞ്ഞു പിരിയുമ്പോൾ പാച്ചന്റെ നയനങ്ങൾ നനഞ്ഞിരുന്നു. ആ 'നമസ്തേ' സർവ്വദാനം തന്നെയായിരുന്നു പാച്ചന്റെ. അവർ പെട്ടെന്ന് ഒരു ട്രാമിൽ കയറി. മറ്റൊരു വഴിക്കായിരുന്നു മടക്കം. അതുകൊണ്ട് സംസ്കാര ശൂന്യവും അറച്ചു കൺപീലികളടഞ്ഞു പോകുന്നതുമായ കാഴ്ച കാണേണ്ടി വന്നില്ല. ദൈവാധീനം!

പാർക്കിലായിരുന്നു മനസ്സു മുഴുവൻ. അതുകൊണ്ട് വഴിക്കുള്ള ദൃശ്യങ്ങളൊന്നും കണ്ണിൽ പെട്ടില്ല. പാർക്കിലെ സ്റ്റോപ്പിലെത്തിയപ്പോൾ 4 മണി ആയിരുന്നു. രാമകൃഷ്ണന്റെ നിർദ്ദേശപ്രകാരം ഒരു ബാർബർ ഷോപ്പിൽ കയറി പിൻകുടുമയായി ഒരു 'ഉച്ചി' മാത്രം വെച്ച് ബാക്കിയൊക്കെ മൊട്ടയടിച്ചു. കുളിച്ച് ശരീരം വൃത്തിയാക്കി ഒരു ഡബിൾ ധോത്തി കൊണ്ട് മഹാരാഷ്ട്ര മാതൃകയിൽ തറ്റുടുത്ത് കണ്ണാടിയിൽ നോക്കിയപ്പോൾ പാച്ചന് അസ്സൽ മഹാരാഷ്ട്രീയന്റെ വേഷപ്പകർച്ചയുണ്ട് എന്ന് കണ്ടു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*